**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3335** **08-10-2025 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പ് കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പ് കരാറുകൾ അനുവദിക്കുന്ന നടപടിക്രമം സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് കരാറുകൾ അനുവദിക്കുന്ന നടപടിക്രമം സംബന്ധിച്ച് നിലവിൽ ആക്ഷേപങ്ങൾ ഒന്നും ഇല്ല. |
| (ബി) | മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണെന്നും ഏതൊക്കെ പ്രവൃത്തികളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതെന്നും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള ഓഡിറ്റ്, വിജിലൻസ് സംവിധാനങ്ങൾ പര്യാപ്തമാണെന്ന് വിലയിരുത്തുന്നുണ്ടോ; പ്രസ്തുത സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള ഓഡിറ്റ്, വിജിലൻസ് സംവിധാനങ്ങൾ പര്യാപ്തമാണ്.<br><br>കേരളമൊട്ടാകെയുള്ള പൊതുമരാമത്ത് വകുപ്പ് കാര്യാലയങ്ങളിലെ എസ്റ്റാബ്ലിഷ്മെന്റ് ഓഡിറ്റ്, ഭരണ വിഭാഗത്തിന് കീഴിലുള്ള Suit and audit wing -ൽ നിന്നും നടത്തി വരുന്നു. നിലവിൽ നടത്തി വരുന്ന പരിശോധനകൾ പര്യാപ്തമാണ്. ഓഡിറ്റ് നടപടികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫിനാൻസ്, വിജിലൻസ് വിഭാഗങ്ങൾക്കു പുറമെ പ്രവർത്തികളുമായി ബന്ധപ്പെട്ട ഫയലുകളും പരിശോധിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. നിലവിൽ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഉതകുന്ന വിധത്തിലുള്ള പരിശോധനകളാണ് നടത്തി വരുന്നത്.<br><br>പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ആഭ്യന്തര പരിശോധനാ വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ/പാലങ്ങൾ വിഭാഗങ്ങളിലെ ഡിവിഷൻ/ |

| | | | |
|---|---|---|---|
| | | | സർക്കിൾ കാര്യാലയങ്ങളിൽ അക്കൗണ്ടന്റ് ജനറലിന്റെ വാർഷിക ഓഡിറ്റ് കൂടാതെ ആഭ്യന്തര പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള പരിശോധനകളും നടത്തിവരുന്നു.<br><br>പൊതുമരാമത്ത് വകുപ്പിൽ ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) എന്ന ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ സാങ്കേതിക വിഷയങ്ങൾ പരിശോധിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റൻറ് എഞ്ചിനീയർമാർ എന്നിവരടങ്ങുന്ന സാങ്കേതിക വിഭാഗവും കൂടാതെ നോൺ ടെക്നിക്കൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റ്, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരും ആവശ്യമായ മറ്റ് മിനിസ്റ്റീരിയൽ ജീവനക്കാരും ഉൾപ്പെട്ട ഒരു സംസ്ഥാനതല ഓഫീസും 14 ജില്ലകളിലും പ്രവർത്തിക്കുന്ന ജില്ലാ വിജിലൻസ് ഓഫീസുകളും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ